# കുവൈറ്റ് മഹാഇടവകയുടെ ഹോശാന പെരുന്നാൾ ശുശ്രൂഷകൾക്ക് ഡോ. മാർ ഐറേനിയസ് മെത്രാപ്പോലിത്താ നേതൃത്വം നൽകി

കുവൈറ്റ് : സെൻറ് ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് മഹാഇടവക ഹോശാന പെരുന്നാൾ കൊണ്ടാടി. രാജാക്കൻമാരുടെ രാജാവായ യേശുക്രിസ്തുവിൻെറ രാജകീയമായ ജറുസലേം പ്രവേശനത്തിൻെറ സ്മരണ പുതുക്കി നടന്ന പ്രത്യേക പ്രാർഥനകളിലും കുരുത്തോല പ്രദക്ഷിണത്തിലും മഹാഇടവകയിലെ ആയിരക്കണക്കിനു വരുന്ന വിശ്വാസികൾ ഭക്തിപുരസ്സരം പങ്കെടുത്തു. ഓശാന ആഘോഷത്തോടെ സഭയുടെ പീഡാനുഭവ വാരാചരണം ആരംഭിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കൊച്ചി ഭദ്രാസനാധിപൻ ഡോ. യാക്കോബ് മാർ ഐറേനിയസ് മെത്രാപ്പോലിത്തായുടെ മുഖ്യകാർമ്മികത്വത്തിൽ മാർച്ച് 28 ശനിയാഴ്ച്ച വൈകിട്ട് അബ്ബാസിയ മെറിനാ ഹാളിൽ നടന്ന ഹോശാന ശുശ്രൂഷകൾക്ക് ഫാ. മത്തായി ഇടയനാൽ കോർ-എപ്പിസ്കോപ്പാ, ഇടവക വികാരി ഫാ. രാജു തോമസ്, സഹവികാരി ഫാ. റെജി സി. വർഗീസ് എന്നിവർ സഹകാർമ്മികത്വം വഹിച്ചു.

*******